**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ് – കുമാരനല്ലൂർ ഉത്രട്ടാതി ഊരുചുറ്റു ജലോത്സവം 2026 – സാമ്പത്തിക സഹായം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.355/2026/TSM തീയതി,തിരുവനന്തപുരം, 03-08-2026

---

പരാമർശം:- 1. കുമാരനല്ലൂർ എൻ.എസ്.എസ്. കരയോഗം പ്രസിഡന്റിന്റെ 01.05.2026 തീയതിയിലെ നിവേദനം.

2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 20-07-2026 തീയതിയിലെ DOT/3628/2026-M1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കുമാരനല്ലൂർ ഉത്രട്ടാതി ഊരുചുറ്റ ജലോൽസവവുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും സാമ്പത്തിക സഹായം ആവശ്യപ്പെട്ട് കൊണ്ട് കുമാരനല്ലൂർ എൻ.എസ്.എസ് കരയോഗം പ്രസിഡന്റ് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ, വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചിങ്ങ മാസത്തിലെ ഉത്രട്ടാതി നാളിൽ മീനച്ചിലാറിന്റെ കൈവഴികളിലൂടെ നടത്തുന്നതും ഏകദേശം 75 വർഷത്തിലേറെ പാരമ്പര്യമുള്ളതുമായ കുമാരനല്ലൂർ ഉത്രട്ടാതി ഊരുചുറ്റു ജലോത്സവത്തിന്റെ 2026 വർഷത്തെ ജലമേളയ്ക്കായി **"3452-80-104-99-00-00-01-P-V - വിവിധ ഉത്സവങ്ങളുടേയും, സാംസ്കാരിക പരിപാടികളുടേയും പരിപോഷണം (പ്ലാൻ)"** എന്ന ശീർഷകത്തിൽ നിന്നും **₹3,00,000/-**(മൂന്ന് ലക്ഷം രൂപ മാത്രം) ധനസഹായം അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3) ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മൂന്നു മാസത്തിനകം കുമാരനല്ലൂർ എൻ.എസ്.എസ് കരയോഗം പ്രസിഡന്റ് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, അതിന്റെ ആധികാരികത വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**BINDU C VARGHESE**

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ , തിരുവനന്തപുരം,
പ്രസിഡന്റ്, കുമാരനല്ലൂർ എൻ.എസ്.എസ് കരയോഗം. (വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ, മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I / ഓഡിറ്റ് II ) കേരള, തിരുവനന്തപുരം,
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്),
കരുതൽ ഫയൽ /ഓഫീസ് കോപ്പി. **(TOUR-B2/229/2026-TOUR)**

ഉത്തരവിൻ പ്രകാരം

Digitally signed by
Sibil Senan
Date: 03-08-2026
14:20:09

സെക്ഷൻ ഓഫീസർ

പകർപ്പ്:

1. വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2. വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ സി.എ.-യ്ക്ക്
3. വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.-യ്ക്ക്